| | |
|---|---|
| Publication | Manorama |
| Edition | Trivandrum |
| Date | 16th September, 2022 |
| Page No. | 06 |

# സംസ്ഥാന സർക്കാരുമായി ഇഡിഐഐ കൈകോർക്കും

തിരുവനന്തപുരം ● സംരംഭങ്ങളെയും സംരംഭകരെയും പരിപോഷിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സംസ്ഥാന സർക്കാരുമായി ഒൻട്രപ്രനർഷിപ് ഡവലപ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇന്ത്യ (ഇഡിഐഐ) കൈകോർക്കാൻ തീരുമാനിച്ചതായി ഡയറക്ടർ ജനറൽ ഡോ. സുനിൽ ശുക്ല. കുടുംബശ്രീ, സ്റ്റാർട്ടപ് മിഷൻ, യുവജനക്ഷേമ ബോർഡ് എന്നിവയുമായി ഇപ്പോൾ ഇഡിഐഐ സഹകരിക്കുന്നുണ്ട്. ഇനി വ്യവസായ വകുപ്പുമായും കെ-ഡിസ്കുമായും വിവിധ കോർപറേറ്റുകളുമായും ചേർന്ന് സംസ്ഥാനത്തെ സംരംഭകത്വ ആവാസവ്യവസ്ഥയുടെ വളർച്ചയ്ക്കായി പ്രവർത്തിക്കും.

വ്യവസായ വകുപ്പിനു കീഴിൽ ഇതിനകം 200 ഓഫിസർമാർക്ക് പരിശീലനം നൽകി. ഒരു ലക്ഷം സംരംഭങ്ങളെന്ന ലക്ഷ്യം സുഗമമാക്കുന്നതിന് 60 റിസോഴ്സ് പഴ്സൻമാർക്കും പരിശീലനം നൽകും. എല്ലാ ജില്ലകളിലും നിലവിലുള്ള സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ക്ലസ്റ്ററുകൾ തിരിച്ചറിഞ്ഞ് കൈപിടിച്ചു നടത്തുന്നതിന് കേരള ഡവലപ്മെന്റ് ആൻഡ് ഇന്നൊവേഷൻ സ്ട്രാറ്റജിക് കൗൺസിൽ (കെ-ഡിസ്ക്) നടപ്പാക്കുന്ന 'ഒരു ജില്ല ഒരു ആശയം (ഒഡിഒഐ)' എന്ന നൂതന പദ്ധതിയിൽ തിരഞ്ഞെടുത്ത ക്ലസ്റ്ററുകളിലെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കാൻ ഇഡിഐഐ പങ്കുചേരും. കേരളത്തിൽ 650 ബിസിനസുകൾ സൃഷ്ടിക്കുന്നതിനു മൈക്രോ സ്കിൽപ്രനർഷിപ് പ്രോഗ്രാമുകൾ നടത്താൻ പ്രമുഖ സ്ഥാപനങ്ങളുമായും ഇൻസ്റ്റിറ്റ്യൂട്ട് കൈകോർക്കുന്നുണ്ടെന്ന് സുനിൽ ശുക്ല പറഞ്ഞു.

| | |
|---|---|
| Publication | Siraj |